**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്**

**പരിപത്രം**

നമ്പർ 84/2018/ധന *തിരുവനന്തപുരം, 2018 സെപ്റ്റംബർ 15*

വിഷയം :- MEDISEP - ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച നൽകുന്നതു - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/18/ധന തീയതി 4/4/2018.
3) സർക്കുലർ നം. 54/18/ധന തീയതി 18/6/2018.
4) സർക്കുലർ നം. 73 /18/ധന തീയതി 7/8/2018.

സൂചനയിലെ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികൾക്ക് മുന്നോടിയായി എയ്ഡഡ് കോളേജ്/സ്കൂൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ്-ഇൻ-എയിഡ് സ്വീകരിച്ചു വരുന്ന സർവകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരശേഖരണം പരാമർശ പ്രകാരമുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാനത്ത് ഉണ്ടായ സമാനതകളില്ലാത്ത പ്രളയവും ആയതിനെത്തുടർന്നു വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയും പരിഗണിച്ച് പ്രസ്തുത വിവര ശേഖരണത്തിനുള്ള സമയ പരിധി നീട്ടി നൽകണമെന്നു വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവ ആവശ്യപ്പെട്ടിരിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. പരാമർശ പ്രകാരമുള്ള സർക്കുലറുകളനുസരിച്ച് വിവരശേഖരണം പൂർത്തിയാക്കി ബന്ധപ്പെട്ട വകുപ്പുതല നോഡൽ ഓഫീസർ ധനകാര്യ വകുപ്പിനു വിവരം കൈമാറേണ്ട സമയ പരിധി **30/11/2018** തീയതിയായി ദീർഘിപ്പിക്കുന്നു.
2. പ്രസ്തുത വിവരശേഖരണം ടി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികൾ നോഡൽ ഓഫീസർമാർ നിരീക്ഷിക്കേണ്ടതും, അന്തിമ പട്ടിക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**കെ. രാജശ്രീ,**
*അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ്)*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

അക്കൗണ്ട്സ് ഓഫീസർ